# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 12

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

മൂന്നാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ റഗുലർ), ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 27ന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/483/2019)

**പ്രാക്ടിക്കൽ**

രണ്ടാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി (2017 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 25 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/484/2019)

ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫൈറ്റോമെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി (2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 19 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/485/2019)

**വൈവാവോസി**

രണ്ടാം സെമസ്റ്റർ എം.ഫിൽ (സി.എസ്.എസ്.) 2017-18 പ്രോഗ്രാമിന്റെ എക്സ്റ്റേണൽ പരീക്ഷ മാർച്ച് 29നും വൈവാവോസി ഏപ്രിൽ രണ്ടിനും നടക്കും. അപേക്ഷ പിഴയില്ലാതെ മാർച്ച് 15 വരെയും 50 രൂപ പിഴയോടെ മാർച്ച് 19 വരെയും സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നൽകാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/486/2019)

**ബി.എ./ബി.കോം പ്രൈവറ്റ്; ഹാൾടിക്കറ്റ് വിതരണം**

മാർച്ച് 15ന് ആരംഭിക്കുന്ന അഞ്ച്, ആറ് സെമസ്റ്റർ ബി.എ./ബി.കോം (സി.ബി.സി.എസ്.എസ്.-റഗുലർ/സപ്ലിമെന്ററി - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ മാർച്ച് 13 മുതൽ പരീക്ഷകേന്ദ്രങ്ങളിൽ നിന്നു വിതരണം ചെയ്യും. പരീക്ഷ കേന്ദ്രങ്ങളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/487/2019)

**പരീക്ഷ ഫലം**

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ഓഫ് കാമ്പസ് ബി.റ്റി.എസ്. (സി.ബി.സി.എസ്.എസ്., പ്രീ സി.ബി.സി.എസ്.എസ്.) സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/488/2019)

2018 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. (മോഡൽ ഒന്ന്, രണ്ട്, മൂന്ന്) റഗുലർ 2018 അഡ്മിഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/489/2019)

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.സി.എ. ഓഫ് കാമ്പസ് സി.ബി.സി.എസ്.എസ്. (സപ്ലിമെന്ററി), പ്രീ സി.ബി.സി.എസ്.എസ്. (മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/490/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/491/2019)

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/492/2019)

## എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ വാർഷിക സമ്മേളനം മാർച്ച് 20ന്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ വാർഷിക സമ്മേളനം മാർച്ച് 20ന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ഡോ. കെ. സാബുക്കുട്ടൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനാൽ എല്ലാ പ്രോഗ്രാം ഓഫീസർമാരും യോഗത്തിൽ പങ്കെടുക്കണമെന്ന് എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അറിയിച്ചു.

(പി.ആർ.ഒ./39/493/2019)

# ഗാന്ധിജി ഒറ്റപ്പെട്ട സദാചാര ചിന്തകനല്ല: പ്രൊഫ. ഫൈസൽ ദേവ്ജി

മഹാത്മാ ഗാന്ധിയെ ഒറ്റപ്പെട്ട സദാചാര ചിന്തകനായി കാണരുതെന്നും വിപ്ലവകരമായ ചിന്തകൾ മുന്നോട്ടുവച്ച സുപ്രധാന തത്ത്വചിന്തകനായി കണക്കാക്കണമെന്നും ഓക്സ്ഫഡ് സർവകലാശാലയിലെ പ്രൊഫസറും പ്രമുഖ കോളമിസ്റ്റുമായ ഫൈസൽ ദേവ്ജി.

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച ജ്ഞാനപ്രഭാഷണ പരിപാടിയിൽ 'വംശീയതയ്ക്കെതിരെ ഗാന്ധിജി' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഉദാര മാനുഷികത്വത്തിന് രക്ഷിക്കുന്നതും ശിക്ഷിക്കുന്നതുമായ രണ്ട് മുഖമുണ്ട്. മാനുഷികത്വത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാകുന്നതിനെ ശിക്ഷിക്കുന്ന മുഖമായാണ് ഗാന്ധിജി വീക്ഷിച്ചത്. അതിനാൽ ഗാന്ധിജി ഉദാര മാനുഷികത്വത്തെയും സാർവലൗകികവാദത്തെയും എതിർത്തിരുന്നു. സാഹോദര്യം ജൈവപരമായ ഒന്നല്ലെന്നും സദാചാരപരമായ ഉത്തരവാദിത്വമാണെന്നുമാണ് ഗാന്ധിജി വാദിച്ചത് - അദ്ദേഹം പറഞ്ഞു.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് മേധാവി പ്രൊഫ. എം.എച്ച്. ഇല്യാസ്, ഡോ. പി.പി. നൗഷാദ് എന്നിവർ പ്രസംഗിച്ചു.

## <u>ചിത്രവിവരണം</u>

**മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും ചേർന്ന് സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച ജ്ഞാനപ്രഭാഷണ പരിപാടിയിൽ ഓക്സ്ഫഡ് സർവകലാശാലയിലെ പ്രൊഫസറും പ്രമുഖ കോളമിസ്റ്റുമായ ഫൈസൽ ദേവ്ജി സംസാരിക്കുന്നു**

(പി.ആർ.ഒ./39/494/2019)

## മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകൾ കണ്ടെത്തിയ സംഭവം; ഉദ്യോഗസ്ഥർക്കെതിരെ നടപടി

### - സംഭവം അന്വേഷിച്ച് രണ്ടുദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നംഗ സിൻഡിക്കേറ്റ് സമിതിയെ നിയോഗിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ബിരുദ പരീക്ഷയുടെ മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകൾ ആലുവ തോട്ടുമ്പാട്ടുകര ദേശീയപാതയ്ക്ക് സമീപത്തുനിന്നും കണ്ടെത്തിയതായി ആരോപിക്കപ്പെടുന്ന സംഭവത്തിൽ മൂല്യനിർണയ ചുമതലയുണ്ടായിരുന്ന അധ്യാപികയ്ക്കും ഉദ്യോഗസ്ഥർക്കുമെതിരെ നടപടി. അന്വേഷണ വിധേയമായി അധ്യാപികയെയും ചീഫ് എക്സാമിനറെയും ക്യാമ്പ് ഓഫീസറെയും പരീക്ഷ ജോലികളിൽ നിന്ന് സസ്പെൻഡ് ചെയ്തതായി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അറിയിച്ചു.

സംഭവത്തെക്കുറിച്ച് അന്വേഷിച്ച് രണ്ടുദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ്, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ് എന്നിവരടങ്ങിയ സമിതിയെ നിയോഗിച്ചതായും വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ./39/495/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ